

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.7/1888/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.7/1888/2022

തീയ്യതി: 27/12/2022

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-10-2022	22-10-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-10-2022	22-10-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ., ഓഡിറ്റ് ഓഫീസർ
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി.ആർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
പി കെ ചന്ദ്രശേഖരൻ നായർ	പ്രസിഡന്റ്	01-04-2021	31-03-2022
അനിൽകുമാർ കെ	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഖദീജ ബീവി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2021	31-03-2022
റോബിൻ ജേക്കബ് പോൾ	വെറ്ററിനറി സർജൻ	01-04-2021	30-11-2021
റസീന കരീം	വെറ്ററിനറി സർജൻ	01-12-2021	30-12-2021

റോബിൻ ജേക്കബ് പോൾ	വെറ്ററിനറി സർജൻ	31-12-2021	31-03-2022
ബേസിൽ റ്റി എൽദോസ്	വിഇഒ വാരപ്പെട്ടി	01-04-2021	26-04-2021
രശ്മി എൻ	വിഇഒ വാരപ്പെട്ടി	27-04-2021	31-03-2022
ബേസിൽ റ്റി എൽദോസ്	വിഇഒ കോഴിപ്പിള്ളി	01-04-2021	26-04-2021
പ്രഭാത് പി	വിഇഒ കോഴിപ്പിള്ളി	27-04-2021	31-03-2022
മാത്യു എം ജോസഫ്	മെഡിക്കൽ ഓഫീസർ സിഎച്ച്സി	01-04-2021	31-03-2022
സജി ജോൺ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2021	31-03-2022
സോളമൻ എ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2021	31-03-2022
സീന പി സി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	07-07-2021
നസ്രിൻ നാസർ	ഐ സി ഡി എസ് സൂപ്പർവൈസർ	08-07-2021	31-03-2022
അലിയാർ പി	എച്ച്എം ഗവ. എൽപി എസ് വാരപ്പെട്ടി	01-04-2021	31-03-2022
എലിസബത്ത് ജോസഫ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
എം എൻ രാജേന്ദ്രൻ	കൃഷി ഓഫീസർ	01-04-2021	30-11-2021

സണ്ണി കെ എ	കൃഷി ഓഫീസർ	01-12-2021	31-03-2022

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ	1-2-1
3	വാർഷികധനകാര്യപത്രിക	1-2
4	സാമ്പത്തിക വിശകലനം	1-3
5	ഫണ്ട് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പു പദ്ധതി	1-6
8	ക്ഷേമപദ്ധതികൾ	1-7
9	ക്യാഷ് വെരിഫിക്കേഷൻ	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	ഓഡിറ്റ് ഇംപാക്ട്	1-11
13	ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-12
14	തൊഴിൽ നികുതി – അപാകതകൾ	1-13
15	വാടക - അപാകതകൾ	1-14
16	ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല	1-15
17	തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന – വിശദീകരണം നൽകേണ്ടതാണ്	1-16
18	വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമായിട്ടില്ല.	1-17
19	എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .	1-18
20	പച്ചക്കറി തൈ വിതരണ പദ്ധതി - നിർവ്വഹണത്തിൽ ന്യൂനതകൾ.	1-19
21	ഗ്രോബാഗ് കൃഷി പദ്ധതി - അപാകതകൾ.	1-20

22	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.	1-21
23	കാരുണ്യസ്പർശം പദ്ധതി - സംയുക്ത പദ്ധതിയിൽ പങ്കുചേർന്നില്ല.	1-22
24	വാഹനം വാങ്ങിയത് നാളിതുവരെ ഉപയോഗപ്പെടുത്തിയില്ല.	1-23
25	തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.	1-24
26	കുട്ടികളുടെ ജില്ലാ വെബ് പോർട്ടൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല	1-25
27	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായില്ല	1-26
28	അനുപൂരക പോഷകാഹാര പദ്ധതി- ബാധകമല്ലാത്ത ജി.എസ്.ടി. അനുവദിക്കുന്നു	1-27
29	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ	1-28
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരം	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8

9	ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1–1 ബജറ്റ്

17.02.2021 തീയതിയിലെ (1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച. പുതുക്കിയ ബ
28.02.2022 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021–2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
56,58,008	15,14,74,086	15,71,32,094	15,06,41,642	64,90,452

2021–22 ലെപുതുക്കിയ ബജറ്റും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ
തമ്മിൽ വലിയ അന്തരമുണ്ട്.

	2021– 2022 പുതുക്കിയ ബജറ്റ് പ്രകാരം	2021– 2022 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്) പ്രകാരം	വ്യത്യാസം
വരവ്	15,14,74,086	6,29,55,093	8,85,18,993
ചെലവ്	15,06,41,642	5,55,88,919	9,50,52,723

ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കണക്ക് തയ്യാറാക്കാതിരുന്നതുമൂലമാണ് ഇ
പ്രകാരമുള്ള വരവ് ചെലവുകളിൽ ഇത്തരത്തിൽ വലിയ അന്തരമുണ്ടായത്. ബജറ്റ് മാ
അനുശാസിക്കുന്നവിധം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1–2–1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021–22 വാർഷിക ധനകാര്യപത്രിക പരിശോധിച്ച
കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) Excess Of Income Over Expenditure (31090101) എന്ന ശർഷകത്തിലെ
തൻവർഷം Transfer ചെയ്ത തുക ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ
തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ, പഞ്ചായത്ത് (ജനറൽ) ഫണ്ട
വ്യത്യാസം ഉണ്ട്.

2) ദുരിതാശ്വാസനിധിയുടെ (31110101) മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയി
തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പ് RP 40(B) ഷെഡ്യൂളിലെ ബ
നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

4) Supplier's EMD, Contractor's Retension, Other Deposits Election Deposits എ
ശീർഷകങ്ങളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുക
പൊരുത്തപ്പെടുന്നില്ല.

5) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ വാല്യുവേഷൻ നടത്തി അക്കൌണ്ട് ചെയ്തിട്ടില്ല.

1–2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി

31.07.22	16.08.2022

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,02,67,312
വരവ്	6,29,55,093
ആകെ	7,32,22,405
ചെലവ്	5,55,88,919
നീക്കിയിരിപ്പ്	1,76,33,486
വരവ് നഷ്ടം	ഇല്ല
ചെലവ് നഷ്ടം	27,880
തടസ്സപ്പെടുത്തിയ തുക	8,50,081

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയി / ലാപ്സായ
വികസന ഫണ്ട്-ജനറൽ	0	7861124	7861124	7861124	
വികസന ഫണ്ട്-എസ്.സി.പി	0	1649972	1649972	1435067	214
വികസന ഫണ്ട്-ടി.എസ്.പി	0	156542	156542	136141	2
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	3051000	3051000	42000	300
ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	2084324	2084324	1152893	9
സംരക്ഷണ ഗ്രാന്റ് – റോഡ്	0	10180000	10180000	9410641	769
സംരക്ഷണ ഗ്രാന്റ് -റോഡിതരം	0	4870979	4870979	3470391	140
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം)	130287	912494	1042781	871412	17
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ					
ശുചിത്വ മിഷൻ	0	130000	130000	130000	
നിർമ്മൽ പുരസ്കാരം	36988	0	36988	0	3
ലൈഫ്	920932	1340000	2260932	1635570	62
സാക്ഷരത	13944	381	14325	0	1
ടിഎസ്സി	991383	0	991383	991383	
ഹഡ്കോ	20290	0	20290	0	2
കേരളോത്സവം	8700	0	8700	0	
ആർജിപിഎസ്എ	42411	4018	46429	46098	

വികസന ഫണ്ട് (ജനറൽ) ഗ്രാന്റിന്റെ 1-6 ഷെഡ്യൂൾ RP-7 ഷെഡ്യൂൾ എന്നിവ തമ്മി വ്യത്യാസം 2696008/- രൂപ ക്യാപിറ്റൽ കോൺടിബ്യൂഷനിലേക്ക് നീക്കിയിരിപ്പ് തു ജി.ഒ. പ്രോജക്ടുകളുടെ ചെലവും ഉൾപ്പെട്ടതാണ്. ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് ചെ 1594842/- രൂപയും ക്യാപിറ്റൽ കോൺടിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	പൂർത്തീകരിച്ചത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീക പ്രോജക്ടുക ശതമാ
149	9,07,79,031	115	94,10,641	104	11	34	69.79

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ വരവ്	ചെലവ്	നി യി
ഭരണച്ചെലവുകൾ	4273	8,09,590 4013(പലിശ)	8,17,876	817856	
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	1,36,20,410	1,36,20,410	1,36,20,410	
ആകെ	4273	1,44,34,013	1,44,38,286	1,44,38,266	

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	40,40,400	241
വിധവാപെൻഷൻ	94,90,400	614
വാർദ്ധക്യകാലപെൻഷൻ	2,05,40,000	1403
വികലാംഗപെൻഷൻ	31,09,000	199
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	0	0
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3,54,000	24

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 14.10.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ട പരിശോധനയിൽ 14,118/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്ത സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നില വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്ര സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതാ കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യ നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നില സാധിക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എ നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപട കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റ ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷം തോറും തുകകൾ വിവിധ ഏജൻസിക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീക ഉറപ്പാക്കപ്പെടുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷ ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുക നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമ മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാ ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേ ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചാ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയ പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതി വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റ കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്ത ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.10.2021 - 28.10.2021	01.08.2021 – 30.09.2021	22.02.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	08.02.2016 - 22.02.2016	2010-11 – 2014-15	17.03.2016

1-11 ഓഡിറ്റ് ഇംപാക്ട്

17.10.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.5 നെ തുടർന്ന് തൊഴിൽ നി ഇനത്തിൽ കുറവ് വന്ന 500/- രൂപ രസീത് നം. 1220102005/21.10.2022 പ്ര തിരിച്ചടച്ചിട്ടുണ്ട്.

1-12 ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് എഫ്.ടി.ഇ.ഒ.എസ് ലൈസൻസ് ചട്ടങ്ങളിലെ ച പ്രകാരം ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270, 271, ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡി സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) എന്നിവ പ്രകാരം മുൻ രജിസ്ട്രേഷനില്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡി സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ 2021-22 സാമ്പത്തിക വർഷത ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ച ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ ലൈസൻ പാരാമെഡിക്കൽ രജിസ്ട്രേഷനോ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അപാകതകൾ
1	പഴേയ്ക്കൽ ആയുർവേദ ക്ലിനിക്ക്, കോഴിപ്പിള്ളി	ലൈസൻസ് എടുക്കുകയോ, പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല
2	വിശ്വബ്രഹ്മ ആയുർവേദ വൈദ്യശാല, മൈലൂർ	ലൈസൻസ് എടുക്കുകയോ, പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.10.2022 തീയതിയിൽ നൽ എൻക്വയറി നം.6 ന് മറുപടി ലഭ്യമാക്കിയില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങ സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങ ചട്ടം232(1), 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തി സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയം സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

രജിസ്ട്രേഷനില്ലാതെയും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5,000/- രൂപ പിഴ ഈടാക്കാവുന്നതും രജിസ്ട്രേഷനില്ലാതെ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും, പ്രൈ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതും, മേൽ സൂചി സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ അടക്കം ലൈസൻസ് ഫീസ്, പാരാമെഡി രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 തൊഴിൽ നികുതി – അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവ
തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊ
നികുതിയ്ക്ക് വിധേയനാകും. 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജി
ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത
അപാകതകൾ ചുവടെ ചേർക്കുന്നു.

1) എഗ്രിമെന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ
വെച്ചിട്ടുള്ള പല കരാറുകാരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിവര
ചുവടെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരന്റെ പേര്	തൊഴിൽ നികുതി അടവാക്കിയത് വിവരങ്ങൾ
1	ഷാജു മത്തായി	തൊഴിൽ നികുതി അടവാക്കിയിട്ടി
2	എൽദോച്ചൻ കുര്യാക്കോസ്	തൊഴിൽ നികുതി അടവാക്കിയിട്ടി
3	അജി.പി.എസ്	തൊഴിൽ നികുതി അടവാക്കിയിട്ടി
4	സുഹൈൽ.വി.എച്ച്	തൊഴിൽ നികുതി അടവാക്കിയിട്ടി
5	ദിവാകരൻ.എം.കെ	തൊഴിൽ നികുതി അടവാക്കിയിട്ടി
6	സോജൻ.എൻ.സി	തൊഴിൽ നികുതി അടവാക്കിയിട്ടി
7	ജലാം.കെ.ബി	തൊഴിൽ നികുതി അടവാക്കിയിട്ടി
8	ഗോപാലകൃഷ്ണൻ.സി.ജി	രണ്ടാം അർദ്ധ വർഷത്തെ തൊ നികുതി അടവാക്കിയിട്ടില്ല
9	കെ.ഗോപി	രണ്ടാം അർദ്ധ വർഷത്തെ തൊ നികുതി അടവാക്കിയിട്ടില്ല
10	വിനോദ് ഭാസ്കർ	രണ്ടാം അർദ്ധ വർഷത്തെ തൊ നികുതി അടവാക്കിയിട്ടില്ല
11	അനിൽ കുമാർ.സി.ആർ	രണ്ടാം അർദ്ധ വർഷത്തെ തൊ നികുതി അടവാക്കിയിട്ടില്ല

2) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ ലൈസൻസ് എടുക്കുക
ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തതായി കാണുന്നില്ല.

3) ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസ
എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കു
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈസൻസ് രജിസ്റ്ററിലെ നം.	കെട്ടിട നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരു എണ്ണം
1	3	3/144	വിപ്കോ ഇൻഡസ്ട്രീസ്	3
2	24	10/284	നീതി മെഡിക്കൽ ലാബ്	3
3	68	3/141 ബി	മൗസ്സി ഇൻഡസ്ട്രീസ്	3
4	79	10/204	തമാർ കറി പൗഡർ	10
5	85	6/177 ബി	പി.എം.പ്ലാസ്റ്റിക്സ്	4
6	110	6/89 എ,സി,ഡി,ഇ	ദിയാലാൽ ഫുഡ് പ്രോഡക്ട്സ്	5
7	113	1/195	കാളിയത്ത് പേപ്പർ ഇൻഡസ്ട്രീസ്	3
8	118	3/277	ജെ.കെ.ടയർ ഇൻഡസ്ട്രീസ്	4

മേൽ അപാകതകൾക്ക് 18.10.2022 തീയതിയിൽ നൽകിയ എൻക്വയറി നം.5 ന് മ

ലഭ്യമാക്കിയതിൽ തൊഴിൽ നികുതി അടയ്ക്കാത്ത കരാറുകാരോട് ഉടൻ തന്നെ തൊ
നികുതി അടയ്ക്കാനും അടച്ചവരോട് രസീതിന്റെ പകർപ്പ് സമർപ്പിക്കാനും ആവശ്യപ്പെട്ട
എന്നാണ് അറിയിച്ചിട്ടുള്ളത്.
തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് സമർപ്പിക്കുന്ന സ്ഥാപനങ്ങൾ തങ്
ജീവനക്കാരുടെ ഒരു മാസത്തെ വരുമാനം അർദ്ധവാർഷിക വരുമാനമായി രേഖപ്പെ
കുറഞ്ഞ തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നു. ആയതിനാൽ ടി അപ
പരിഹരിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതും,
സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി, പിഴപ
എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 വാടക – അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 5 വാടക കെട്ടിടങ്ങളാണുള്ളത് (9/339, 9/340 ബി, 9
സി, 9/340 ഡി, 9/340 ഇ). ആയതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു കെ
മാത്രമാണ് വാടകയ്ക്ക് നൽകിയിരുന്നത്. പ്രസ്തുത സാമ്പത്തിക വർഷത്തെ വാടക രജ
പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
(A) 2021-22 വാടകയ്ക്ക് നൽകിയ കെട്ടിടം വനിതാ ഉൽപ്പന്ന വിപണന കേ
നടത്തുന്നതിനായാണ് നൽകിയിരുന്നത്. ശ്രീമതി ഓമന തമ്പി എന്ന വ്യക്തിയ്ക്കാണ് കെ
വാടകയ്ക്ക നൽകിയത് (കെട്ടിട നം.9/340ബി). എന്നാൽ മാസ വാടകയായ 2,145/- രൂ
മാസത്തിൽ ഒരിക്കൽ പോലും അടവാക്കിയതായി കാണുന്നില്ല (2,145 X 12 = 25,740). അ
കുടിശ്ശികയായ 25,740/- രൂപയിൽ 12,870/- രൂപ എഴുതി തള്ളിയതായി കാണുന്നു. എന
ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം, ടിയാളുമായി ചമച്ച വാടക കരാർ എന്നിവ ഫയ
ലഭ്യമല്ല.
(B) 2021-22 വാർഷിക കണക്കുകൾ പ്രകാരം മുൻവർഷങ്ങളിൽ 89,155/- രൂപ വ
കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സാമ്പത്തിക വർഷം		ഡിമാന്റ്	കളക്ഷൻ	എഴുതി തള്ളിയത്	ബാലൻസ്
1	2021-22	നടപ്പ് വർഷത്തെ വാടക കുടിശ്ശിക	25,740	0	12,870	12,870
		മുൻവർഷങ്ങളിലെ വാടക കുടിശ്ശിക	1,01,315	12,160	0	89,155
	ആകെ		1,27,055	12,160	12,870	1,02,025

നിലവിൽ വാടകയിനത്തിൽ ആകെ 1,02,025/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 20
സാമ്പത്തിക വർഷത്തിൽ വാടക കുടിശ്ശിക ഇനത്തിൽ ആകെ 12,160/- രൂപ മാത്രമ
പിരിച്ചെടുത്തിരിക്കുന്നത്. മാത്രമല്ല നിലവിൽ കെട്ടിട നം.9/340 ബി എന്ന കെ
മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ മുൻ സാമ്പത്തിക വർഷത്തിൽ ഉണ്ടായി
മറ്റ് 4 വാടകക്കാരും 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരു
എന്നിരുന്നാൽപോലും ടി വാടകക്കാരിൽ നിന്നും ലഭിക്കേണ്ട വാടക കുടി
പിരിച്ചെടുക്കുവാൻ സാധിച്ചില്ല എന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച
കാണുന്നു. മേൽ അപാകതകൾ സംബന്ധിച്ച് 18.10.2022 തീയതിയിൽ നൽകിയ എൻക
നം.7 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടക
വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂ
മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ
സംജാതമാകും. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക
ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃക

വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവ
പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ആകെ വാടക തുക
1,02,025/- രൂപ വാടകക്കാരിൽ നിന്ന് പിഴപ്പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്
അറിയിക്കേണ്ടതാണ്.

1-15 ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുവാനായി നിലവിൽ രണ്ട് അക്കൗണ്ടുകളാണുള
എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കോതമംഗലം ബ്രാഞ്ചിലുള്ള സേവിം
അക്കൗണ്ട് നം.008281000000002, കാത്തലിക്ക് സിറിയൻ ബാങ്കിന്റെ കോതമം
ബ്രാഞ്ചിലുള്ള സേവിംഗ്സ് അക്കൗണ്ട് നം.023804072899190001 എ
അക്കൗണ്ടുകളിലാണ് തനത് ഫണ്ട് സൂക്ഷിച്ചിരിക്കുന്നത്. ദൈനംദിന വരവുകളുടെ അടവു
മറ്റ് ഇടപാടുകളും നടത്തുന്നത് പ്രധാനമായും കാത്തലിക്ക് സിറിയൻ ബാങ്
അക്കൗണ്ടിലൂടെയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ, എറണാകുളം ജ
സഹകരണ ബാങ്കിന്റെ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 01.04
തീയതിയിൽ 26,95,305.32 രൂപയും, 31.03.2022 തീയതിയിൽ 35,29,922.32 രൂപയുമ
എന്നാൽ ഇത്രയധികം തുക ബാലൻസ് ഉണ്ടായിരുന്നിട്ടും പ്രസ്തുത സാമ്പത്തിക വർഷത
ടി സേവിംഗ്സ് അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ യാതൊരു തുകയും പഞ്ചായത
ലഭിച്ചിട്ടില്ല. മാത്രമല്ല മുൻ സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ ലഭിച്ച തുക
വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.10.2022 തീയതിയിൽ നൽകിയ എൻക
നം.8 ന് മറുപടി ലഭ്യമാക്കിയതിൽ ടി അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നതിനാവശ്യ
തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 തീയതിയിലെ സർക്കുലർ നം.58
എഫ്.എം.3/2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധ
ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല എന്നും, തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പ
ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മ
നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിട്ടുണ്ട്. എന്നാൽ ടി സർക്കുലറിനു വിരുദ്ധമായി ഒ
അക്കൗണ്ടുകൾ നിലനിർത്തുകയും അതുവഴി പഞ്ചായത്തിനു ലഭിക്കേണ്ടതായ പ
ലഭിക്കാതിരിക്കുന്നതുമായ സാഹചര്യമാണുണ്ടായത്. ആയതിനാൽ ബാങ്ക് അക്കൗണ
സർക്കുലറിനു വിധേയമായി നിലനിർത്താൻ ശ്രദ്ധിക്കേണ്ടതും, പഞ്ചായത്തിന്റെ എറണാ
ജില്ലാ സഹകരണ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ട് നം.008281000000002 ൽ നി
നാളിതുവരെ ലഭിക്കാതിരുന്ന പലിശ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപട
അടിയന്തിരമായി കൈക്കൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-16 തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന – വിശദീകരണം നൽകേണ്ടതാണ

വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ ഇലക്ട്രിസിറ്റി ചാർജ് 46,
രൂപയാണ്. വാർഷികപദ്ധതികളിൽ 90% തെരുവ് വിളക്കുകളും എൽ.ഇ.ഡി.യിലേ
മാറ്റിയിട്ടുള്ളതാണ്. നിരവധി തവണ കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടും തെ
വിളക്കുകളുടെ എണ്ണം കാലികമാക്കി ഇലക്ട്രിസിറ്റി ചാർജ് കുറച്ച് തന്നിട്ടില്ല എ
ആയതിനാൽ, തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോ
നടത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനും വാരപ്പെട്ടി ഗ്രാമപഞ്ചായത്ത
10.12.2021ലെ 6(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു.

യോഗതീരുമാനം സംബന്ധിച്ച തുടർനടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽ
ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/20.10.2022) മറുപടി ലഭിച്ചില്ല.
വിഷയത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് തുടർനടപട
സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമായിട്ടില്ല.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് ഐ.കെ.എം.ന് വിഹിതമായി നൽകിയ താഴെ പറയുന്ന തു നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു 46,513/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.	10/22
നിർവ്വഹണം	സെക്രട്ടറി
ബിൽ നം., തീയതി	110623/09.06.21
തുക	46,513/-

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന അറിയിക്കേണ്ടതാണ്.

1-18 എസ്.എസ്.കെ. പദ്ധതി – വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ.ക്ക് വിഹ നൽകൽ എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	142/22
അടങ്കൽ	₹ 1,00,000/-(വികസന ഫണ്ട്)
ചെലവ്	₹ 1,00,000/-
ബിൽ നം./തീയതി	872299/31.12.21

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചാ വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ. ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 സ.ഉ.(കൈ.) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എം പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ അത്തരത്തിലുള്ള പങ്കാളി ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. 2021-ൽ കോവിഡ് ര തരംഗത്തിൽ സ്കൂളുകൾ ഭാഗികമായി പ്രവർത്തിച്ച പശ്ചാത്തലത്തിൽ ഈ തുക ഏതെ രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-2 വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-19 പച്ചക്കറി തൈ വിതരണ പദ്ധതി – നിർവ്വഹണത്തിൽ ന്യൂനതകൾ.

പ്രൊജക്ട് നം : 93/22

പദ്ധതി : പച്ചക്കറി തൈ വിതരണം.

അടങ്കൽ : ₹ 1,62,500/- (വികസന ഫണ്ട്)

ചെലവ് : ₹ 1,62,500/- (ബിൽ നം :400516351/13.10.21)

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യിൽനിന്ന് 1 എണ്ണം വീതമുള്ള 5 തരം പച്ചക്കറി തൈകൾ ആകെ 65000 എണ്ണം ₹ 1,62,500/- രൂ വാങ്ങിയിട്ടുണ്ട് . (Inv. No. EKM/HVSPC/038 തീ 07.09.2021.)

പദ്ധതി പ്രകാരമുള്ള മേൽ പറഞ്ഞ തൈകൾ പഞ്ചായത്തിലെ 13 വാർഡ് മെമ്പർമാർക്ക് എണ്ണം വീതം വിതരണം ചെയ്തതിന്റെ കൈപ്പറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വഴി നടപ്പാക്കുന്ന പദ്ധതികളിൽ ജനപ്രതിനിധ നിർവ്വഹണം നടത്താൻ വ്യവസ്ഥയില്ല. കൂടാതെ തൈകൾ കൈപ്പറ്റിയ മെമ്പർമാർ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റുമില്ല. പദ്ധതിയുടെ മോണിറ്റ റിപ്പോർട്ടുമില്ല. ഇത്തരുണത്തിൽ പദ്ധതി നിർവ്വഹണം നടന്ന എന്നുറപ്പുവരുത്തുവാനാകാത്തതിനാൽ ഇത് സംബന്ധിച്ച് നൽകിയ ഓ എൻകൃയറിക്കുള്ള (12/19.10.22) മറുപടിയിൽ കൊറോണാ മഹാമാര ആധിക്യമുള്ളതിനാലാണ് ഇത്തരത്തിൽ പദ്ധതി നിർവ്വഹിച്ചത് എന്നാണ്. എന്നാൽ പ നിർവ്വഹണ കാലത്ത് കോവിഡ് രണ്ടാം തരംഗവും കുറഞ്ഞ സാഹചര്യത്തിൽ സർക്കാർ നിവാരണ വകുപ്പിന്റെ 29.10.2021 – ലെ സ.ഉ. (സാധാ)നം.717/2021/DMD ഉത്തരവ് പ്ര ഭിന്നശേഷിക്കാർക്കുൾപ്പെടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ബ റീഹാബിലിറ്റേഷൻ സെന്ററുകൾ , പരിശീലന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന ഉത്തരവായിരുന്നു. ആയതിനാൽ മേൽ പറഞ്ഞ മറുപടി പൂർണ്ണമായി അംഗീകരിക്കാനാവി

വാർഡ് മെമ്പർമാർ ആർക്കൊക്കെ വിതരണം ചെയ്തു എന്നതിന്റെ യാതൊരു രേഖ കണക്കോ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിസൂക്ഷിക്കാതെ പദ്ധതി വളരെ ഫലപ്രദ നടന്നു എന്ന് മറുപടി നൽകിയത് അംഗീകരിക്കാനാകുന്നതല്ല. ആയതിനാൽ 1,62,5 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഗ്രോബാഗ് കൃഷി പദ്ധതി – അപാകതകൾ.

പ്രൊജക്ട് നം.	41/22
പദ്ധതി:	ഗ്രോബാഗ് കൃഷി.
അടങ്കൽ:	262500/- (വികസന ഫണ്ട്) 87500/- (ഗുണഭോക്തൃ വിഹിതം)
ചെലവ്:	262500/-(ബിൽ നം;400875787/1.1.22) 87500/- (ഗുണഭോക്തൃ വിഹിതം)

വാരപ്പെട്ടി കാർഷിക കർമ്മസേനയിൽ നിന്നും ഒരു യൂണിറ്റിന് 2,000/- രൂപ നിരക്കിൽ യൂണിറ്റ് (തൈകൾ വളം നിറച്ച ഗ്രോബാഗുകൾ സഹിതം) വാങ്ങിയിട്ടുണ്ട് (ഇൻവോ നമ്പർ/തീയതി ഇല്ല). പദ്ധതി പ്രകാരം ഗ്രോബാഗുകൾ പഞ്ചായത്തിലെ ഗുണഭോക്താക്ക വിതരണം ചെയ്തതിന്റെ കൈപ്പറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (13/19.10.22) മ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 262500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തു

